കാസർഗോഡ് ജില്ലയിൽ പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി

142 [1121] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ വെസ്റ്റ് എളേരി പഞ്ചായത്തിലെ വരക്കാട് പട്ടിക ജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് അനുമതി നല്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ വെസ്റ്റ് എളേരി പഞ്ചായത്തിൽ വരക്കാട് എന്ന സ്ഥലത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രീ മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് ശ്രീ. പി. കെ. രാജൻ നായർ, വള്ളിയോട് ഹൗസ്, പി. ഒ., വരക്കാട്, കാസർഗോഡ് ജില്ല എന്ന വ്യക്തി നൽകാമെന്ന് സമ്മതിച്ചിട്ടുള്ള 50 സെന്റ് സ്ഥലം വകുപ്പ് ഏറ്റെടുത്ത് പി. ഡബ്ല്യു. ഡി.-ക്ക് കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമായാലുടൻ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കട്ടേല റസിഡൻഷ്യൽ സ്കൂളിലേയും പരിസരത്തേയും ജലദൗർലഭ്യം

143 [1122] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ വടക്ക് പടിഞ്ഞാറൻ അതിർത്തിയിലുള്ള കട്ടേലയിൽ പ്രവർത്തിക്കുന്ന അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ താമസിച്ചു പഠിച്ചുവരുന്നുവെന്ന് അറിയിക്കാമോ;

(ബി) ഈ വിദ്യാർത്ഥികളുടെ ഹോസ്റ്റലിൽ ജലദൗർലഭ്യം പതിവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റസിഡൻഷ്യൽ സ്കൂൾ പരിസരത്തേയും അംബേദ്കർ പട്ടികജാതി കോളനിയിലേയും ജലദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്കൂളിലേയും പട്ടികജാതി കോളനിയിലേയും ജലദൗർലഭ്യത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ജലവിഭവ വകുപ്പുമായി സഹകരിച്ച് ഒരു ദീർഘകാല പദ്ധതിയ്ക്ക് രൂപം നല്കുമോ;

(ഇ) ഇതിനുവേണ്ടി ഒരു ഉന്നതതല സമ്മേളനം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ 285 കുട്ടികൾ പഠിച്ചു വരുന്നു.

(ബി) ഇക്കഴിഞ്ഞ വേനൽക്കാലത്ത് ജലദൗർലഭ്യം അനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഈ ഭാഗത്ത് എത്തുന്ന പൈപ്പ്ലൈൻ കേരള വാട്ടർ അതോറിറ്റിയുടെ വിതരണ ശൃംഖലയിലെ ഏറ്റവും അവസാന ഭാഗമായതുകൊണ്ട് വേണ്ടത്ര അളവിൽ ശുദ്ധജലമെത്തിക്കാൻ കഴിയാത്തതിനാൽ സ്കൂളിലേക്കും, കോളനിയിലേക്കും മാത്രമായി ഒരു ശുദ്ധജല പദ്ധതി നടപ്പാക്കുന്നതിനുവേണ്ടിയുള്ള സ്രോതസ്സിന്റെ ലഭ്യതയെക്കുറിച്ച് ജലവിഭവ വകുപ്പ് പഠനം നടത്തിവരുന്നു.

(ഇ) പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പാലയാട് ലീഗൽ സ്റ്റഡി സെന്ററിലെ വിദ്യാർത്ഥികൾക്ക് കെ.പി.സി.ആർ. ആനുകൂല്യം

144 [1123] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി പാലയാട് ലീഗൽ സ്റ്റഡി സെന്ററിലെ വിദ്യാർത്ഥികൾക്ക് കെ.പി.സി.ആർ. ആനുകൂല്യം ലഭ്യമാക്കണമെന്ന ആവശ്യം സംബന്ധിച്ച നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരികയാണ്.

കുഴൽമന്ദത്തെ ഫ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം

145 [1124] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് സർക്കാർ അനുവദിച്ച പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള ഫ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly